**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 147** | **08-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മൂലം കാർഷിക മേഖലയ്ക്ക് ഉണ്ടായ നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരിയിൽ കാർഷിക മേഖലയ്ക്ക് ഉണ്ടായ നഷ്ടവും കർഷകരുടെ ദുരിതാവസ്ഥയും പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്. മഹാമാരിയും അതിന്റെ ഫലമായുണ്ടാകുന്ന ലോക്ഡൗണ മൂലമുണ്ടാകുന്ന നാശനഷ്ടത്തിന്റെ വ്യാപ്തിയും കേരള സംസ്ഥാന ആസൂത്രണ ബോർഡ് പഠന വിധേയമാക്കിയിട്ടുണ്ട്. |
| (ബി) | അന്താരാഷ്ട്ര വ്യാപാരത്തിന്റെ സ്വഭാവത്തെ സ്വാധീനിക്കുന്ന സുഗന്ധവ്യഞ്ജനങ്ങളുടെയും നാണ്യവിളകളുടെയും വിൽപ്പനയെ കോവിഡ് മഹാമാരി എത്തരത്തിലാണ് ബാധിച്ചത് എന്ന് വിശദമാക്കാമോ; | (ബി) | കോവിഡ്-19 മഹാമാരി കേരളത്തിന്റെ കാർഷിക മേഖലയെ പലവിധത്തിൽ ബാധിച്ചു. തോട്ടവിളകൾ ഉൾപ്പെടെ കാർഷിക മേഖലയിലെ മൊത്തം നഷ്ടം 1570.75 കോടി രൂപയും, വേതന നഷ്ടംമൂലം കർഷകത്തൊഴിലാളികൾക്ക് ഉണ്ടാകുന്ന നഷ്ടം ഏകദേശം 200.30 കോടി രൂപയാണ്. നാണ്യവിളകളുടെ ഗണ്യമായ ഉല്പാദനമാണ് കേരളത്തിലെ കാർഷിക മേഖലയിലെ അടിസ്ഥാനം. അന്താരാഷ്ട്ര വിപണിയിലെ ചാഞ്ചാട്ടം നാണ്യവിളകളുടെ വ്യാപാരത്തെ ബാധിക്കുകയും ലോക്ഡൗണിനുശേഷം ആഗോള വ്യാപാരം ഏതാണ്ട് നിലയ്ക്കുകയും ചെയ്തു. കേരളത്തിൽ കൃഷി ചെയ്യപ്പെടുന്ന കയറ്റുമതി അധിഷ്ഠിത സുഗന്ധവ്യഞ്ജനങ്ങളിലും തോട്ടവിളകളിലും ഇത് വലിയ പ്രത്യാഘാതമുണ്ടാക്കുകയും ചെയ്തു. ലോക്ഡൗൺ ആരംഭിച്ചതിനുശേഷം കാർഷിക വിളകളുടെയും കന്നുകാലി ഉല്പന്നങ്ങളുടെയും മത്സ്യങ്ങളുടെയും ആഭ്യന്തര വില കുത്തനെ ഇടിഞ്ഞ സാഹചര്യത്തിൽ ഉല്പാപാദനത്തിൽ ഉണ്ടായ പ്രതിസന്ധി അത്ര രൂക്ഷമായില്ലെങ്കിലും, ഉല്പന്നങ്ങളുടെ ഡിമാന്റ് കുറയുകയും വിതരണ ശൃംഖല തടസ്സപ്പെടുകയും ചെയ്തതുമൂലം സംസ്ഥാനത്തെ കർഷകർക്ക് കാര്യമായ വരുമാനനഷ്ടം ഉണ്ടാക്കി. ലോക്ഡൗൺ മൂലം തൊഴിലാളികളുടെയും പ്രത്യേകിച്ച് അതിഥി തൊഴിലാളികളുടെയും ലഭ്യതക്കുറവ്, കാർഷിക മേഖലയിലെ മൂല്യവർദ്ധിത യൂണിറ്റുകളുടെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളെയും വിതരണ ശൃംഖലയെയും കാര്യമായി ബാധിക്കുകയും അത് മൂലം കർഷകർക്ക് നഷ്ടം ഉണ്ടാകുകയും ചെയ്തു. ഇത് കൂടാതെ ലോക്ഡൗൺ കാർഷിക പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വലിയ വരുമാന നഷ്ടം വരുത്തി. തൊഴിലാളികളുടെ അഭാവം മൂലം യഥാസമയത്ത് ഏലം വിളവെടുക്കാത്തതു കൊണ്ടുണ്ടായ നഷ്ടം ഹെക്ടറിന് കുറഞ്ഞത് 10 കിലോഗ്രാം എന്ന തോതിൽ കണക്കാക്കിയാൽ, ഈ സീസണിൽ ഏകദേശം 300 മെട്രിക് ടൺ വിളനാശം സംഭവിക്കാൻ ഇടയുണ്ട്. കിലോയ്ക്ക് 1000 രൂപയുടെ വില കുത്തനെ ഇടിഞ്ഞതിനെത്തുടർന്ന് 2020 മാർച്ച് പകുതിയോടെ ലേലം നിർത്തിവച്ചു. സംസ്ഥാനത്തെ ഏലയ്ക്കയുടെ 90 % വ്യാപാരവും ഇ-ലേല കേന്ദ്രങ്ങളിലൂടെയാണ് നടക്കുന്നത്. സ്പൈസസ് ബോർഡിൽ നിന്നുള്ള ഇ-ലേലങ്ങളുടെ കണക്കുകൾ സൂചിപ്പിക്കുന്നത് 2019 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ തോട്ട ഉടമകളും ഡീലർമാരും കൂടെ 2861 മെട്രിക് ടൺ ഏലയ്ക്ക വ്യാപാരം നടത്തിയിരുന്നെങ്കിൽ 2020-ൽ അത് 588 ടൺ മാത്രമായിരുന്നു നടന്നത്. ഇ-ലേലങ്ങളിലെ വ്യാപാരത്തിന്റെ മൂല്യം 2019 മാർച്ചിലും ഏപ്രിലിലുമായി 461 കോടിയിൽ നിന്ന് 2020 മാർച്ചിലും ഏപ്രിലിലുമായി 239 കോടി രൂപയായി കുറഞ്ഞു. കോവിഡ് മൂലം ഉണ്ടായ പ്രതിസന്ധി സുഗന്ധവ്യഞ്ജനങ്ങളുടെ ആഗോള വിതരണ ശൃംഖലയെ ബാധിച്ചിട്ടുണ്ട്. കോവിഡ് പ്രതിസന്ധി കുരുമുളക് കൃഷിയേയും വ്യാപാരത്തെയും സാരമായി ബാധിച്ചില്ല. എന്നിരുന്നാലും വിലയിലുണ്ടായ ഇടിവ് ആഘാതം ഉണ്ടാക്കിയിട്ടുണ്ട്. കുരുമുളക് വില കിലോയ്ക്ക് 330 രൂപയിൽ നിന്ന് 290 രൂപയായി കുറഞ്ഞു. കേരളത്തിലെ കുരുമുളക് മേഖലയിലെ മൊത്തം നഷ്ടം 50 കോടി രൂപയാണെന്നു കണക്കാക്കപ്പെടുന്നു. |
| (സി) | കോവിഡ് കാലത്തെ ലോക്ക്ഡൗണും ഗതാഗത നിയന്ത്രണവും മൂലം ഉല്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാതെ കർഷകർക്കുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | ഉണ്ട്. നെല്ല്, പച്ചക്കറി, പഴവർഗങ്ങൾ, സുഗന്ധവ്യഞ്ജനവിളകൾ, നാണ്യ വിളകൾ എന്നിവയുടെ സംഭരണത്തിലും, വിപണനത്തിലും കോവിഡ് മൂലം പ്രതിസന്ധി കർഷകർ നേരിട്ടു. 1. നെൽകൃഷി ധാന്യങ്ങളുടെ നഷ്ടവും ഗതാഗതത്തിൽ വന്ന കാലതാമസവും കാരണം നെൽകൃഷി മേഖലയിൽ ഏകദേശം 15 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കപ്പെടുന്നു. 2. പച്ചക്കറികൾ പച്ചക്കറികളുടെ കാര്യത്തിൽ, ലോക്ഡൗൺ കാലയളവിൽ കേരളത്തിൽ നിന്നുള്ള പച്ചക്കറി കയറ്റുമതിയിൽ 40 ശതമാനം കുറവുണ്ടായി. കർഷകർക്ക് അവരുടെ ഉല്പന്നങ്ങളുടെ വില കുറയുകയും വിളവെടുത്ത പച്ചക്കറികൾ വിപണനം |

| | | | |
|---|---|---|---|
| | | | ചെയ്യാൻ കഴിയാത്തതുമൂലം നഷ്ടം സംഭവിച്ചിട്ടുണ്ട്. 2 ലക്ഷം മെട്രിക് ടൺ വിപണന മിച്ചവും കിലോയ്ക്ക് ശരാശരി 7 രൂപയുടെ നഷ്ടവും കണക്കിലെടുത്ത്, 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ പച്ചക്കറി മേഖലയിലെ നഷ്ടം ഏകദേശം 147 കോടി രൂപയായി കണക്കാക്കുന്നു. ഇതിനുപുറമെ വി.എഫ്.പി.സി.കെ.യുടെ കീഴിലുള്ള സ്വാശ്രയ കർഷക സമിതികൾ (എസ്.കെ.എസ്) ഏകദേശം 11 കോടി രൂപയുടെ നഷ്ടം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 3. പഴവർഗ്ഗങ്ങളും കിഴങ്ങുവർഗ്ഗങ്ങളും ലോക്ഡൗൺ കാലത്ത് നേന്ത്രന്റെ വില കിലോയ്ക്ക് 40-45 രൂപയിൽ നിന്ന് 20-25 രൂപയായി കുറയുകയും മറ്റ് വാഴപ്പഴങ്ങളിലും സമാനമായ നഷ്ടം ഉണ്ടാകുകയും ചെയ്തു. (i) കേരളത്തിൽ നേന്ത്രന്റെയും മറ്റ് വാഴപ്പഴങ്ങളുടേയും വാർഷിക ഉൽപാദനം ഏകദേശം 8.1 ലക്ഷം മെട്രിക് ടൺ ആണ്. കർഷകർക്ക് ഒരു കിലോയുടെ വിലയിൽ 20 രൂപയുടെ കുറവ് ഉണ്ടായപ്പോൾ, ഏത്തപ്പഴത്തിനും മറ്റ് വാഴപ്പഴത്തിനും ഉണ്ടാകുന്ന മൊത്തം നഷ്ടം ഏകദേശം 269 കോടി രൂപയാണ്. (ii) മധ്യ കേരളത്തിലെ പ്രധാന വിളയായ പൈനാപ്പിളിന്റെ വില ലോക്ഡൗൺ കാലത്ത് കിലോയ്ക്ക് 20-25 രൂപയിൽ നിന്ന് 10-15 രൂപയായി കുറഞ്ഞു. കാർഷികോല്പാദന മേഖലകളിൽ നിന്ന് പൈനാപ്പിൾ വാങ്ങാനും ഓൺലൈനിൽ വിൽക്കാനുമുള്ള കാര്യമായ ശ്രമം ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.യും നടത്തിയിട്ടുണ്ട്. (iii) കശുവണ്ടിയിൽ, അടച്ചിടൽ സമയത്ത് വിളവെടുക്കാൻ കഴിയാത്തതിനാലും സംസ്കരണ സൗകര്യങ്ങളുടെ അഭാവത്താലും നഷ്ടം സംഭവിച്ചു. (iv) കിഴങ്ങുവർഗ്ഗ വിളകളുടെ കാര്യത്തിൽ സംസ്ഥാനത്തെ നഷ്ടം 20 കോടി രൂപയാണെന്ന് ആസൂത്രണ ബോർഡ് കണക്കാക്കുന്നു. (v) കശുവണ്ടി, ഓയിൽ പാം, റബ്ബർ എന്നിവയുടെ വില്പനയിൽ ഉണ്ടായ നഷ്ടം കാരണം കേരളത്തിലെ പ്ലാന്റേഷൻ കോർപ്പറേഷന് മൊത്തം 6.9 കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നു. vi) കൂടാതെ നഴ്സറികൾ, ഗതാഗതം, ഇൻപുട്ട് ഡീലർമാർ തുടങ്ങിയ കാർഷിക ഉപമേഖലകളിൽ 50 കോടി രൂപയുടെ നഷ്ടം പ്രതീക്ഷിക്കാമെന്ന് കണക്കാക്കുന്നു. vii) ഹോർട്ടികോർപ്പിനെ സംബന്ധിച്ചിടത്തോളം, ലോക്ഡൗൺ കാലയളവിൽ ഒരു കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നു. |
| (ഡി) | കർഷകർക്ക് സംരക്ഷണവും സഹായവും നൽകാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) | കോവിഡ്, പ്രളയം തുടങ്ങിയ പ്രതിസന്ധികൾ തരണം ചെയ്യുന്നതിനായി മുൻ സർക്കാർ നടപ്പിലാക്കിയ താഴെ പറയുന്ന വിവിധ പദ്ധതികൾ |

| | | | |
|---|---|---|---|
| | | | ഈ സർക്കാർ തുടരുന്നുണ്ട്. 1. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതിയായ സുഭിക്ഷ കേരളം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ഈ പദ്ധതിയിൻകീഴിൽ 2020-21-ൽ കർഷകർക്ക് 196 കോടി രൂപ വിവിധ ബാങ്കുകൾ മുഖേന വായ്പ അനുവദിച്ചിട്ടുണ്ട്. 2. കർഷകരുടെ ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തുന്നതിന് പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ/ ആട്ട വളർത്തൽ/ പോഷകത്തോട്ടം/ തേനീച്ച കൃഷി/ കൂൺകൃഷി/ പശു വളർത്തൽ/ മത്സ്യ കൃഷി/ ജൈവവള നിർമ്മാണം/ മുയൽ വളർത്തൽ/ അക്വാപോണിക്സ് തുടങ്ങിയവയിൽ നിന്നും 5 സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്ന ജൈവ ഗൃഹം - സംയോജിത കൃഷി പദ്ധതി. 3. വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി നൂതന രീതിയായ മഴമറ കൃഷിക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതി. 4. "ഒരു കോടി ഫലവൃക്ഷതൈകൾ നട്ടുവളർത്തൽ 2020-21" പദ്ധതിയുടെ ഭാഗമായി 136.28 ലക്ഷം ഫലവൃക്ഷതൈകൾ വിതരണം ചെയ്തു. 5. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, കർഷകർക്ക് സമയബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രത്യേക ഹ്രസ്വകാല വായ്പ പദ്ധതിയായ Special Liquidity Facility-2 (SLF-2)ൽ കർഷകർക്ക് 785 കോടിയുടെ വായ്പ ലഭ്യമാക്കി. 6. കാർഷികോല്പന്നങ്ങൾക്കു വിലസ്ഥിരതയും ന്യായവിലയും ഉറപ്പാക്കുന്നതിനും അതിലൂടെ പച്ചക്കറികളുടെ ഉത്പാദനം വർധിപ്പിക്കുന്നതിനുമായി "കേരള ഫാം ഫ്രഷ് പഴം പച്ചക്കറി" എന്ന പദ്ധതിയിലൂടെ 16 ഇനം പഴം പച്ചക്കറികളുടെ അടിസ്ഥാന വില പ്രഖ്യാപിച്ചു. സംസ്ഥാന കൃഷി വകുപ്പ് നിലവിലുള്ള വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ് വിപണികൾ, വി.എഫ്.പി.സി.കെ വിപണികൾ തുടങ്ങി കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ 1884 മാർക്കറ്റുകളിലും ഏകോപിപ്പിച്ചുകൊണ്ടു കർഷകർ ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ സംഭരിച്ചു വിപണനം നടത്തി വരുന്നു. വിവിധ ജില്ലകളിൽ 6927 അപേക്ഷകർക്ക് 631 .0ലക്ഷം രൂപ വിതരണം ചെയ്തു. 1420 കർഷകർക്ക് 95.47 ലക്ഷം രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | കോവിഡ് പശ്ചാത്തലത്തിൽ കാർഷിക മേഖലയിൽ പുത്തനുണർവ് സൃഷ്ടിക്കുന്നതിനായി 2020 മെയ് 15-ന കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കാർഷിക അടിസ്ഥാനസൗകര്യ ഫണ്ട് എന്ന പദ്ധതി കേരളത്തിൽ പ്രാബല്യത്തിൽ വരുത്തി. ഈ പദ്ധതി പ്രകാരം നാളിതുവരെ 39.0272കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ